**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2603** **07-07-2022 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷകേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സുഭിക്ഷകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപനങ്ങൾ മുഖേന കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; വിശദവിവരം ലഭ്യമാക്കുമോ; | (എ) | സുഭിക്ഷകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ മാമല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.2799 മത്സ്യക്കുളം നിർമ്മിക്കുന്നതിനു വേണ്ടി 17 വായ്പകളിലായി 2,82,000/- രൂപയും, കോഴിയും കൂടും നിർമ്മിക്കുന്നതിനായി 65 വായ്പകളിലായി 10,35,500/- രൂപയും നൽകിയിട്ടുണ്ട്. ഇതിനു പുറമേ വടവുകോട് ഫാർമേഴ്സ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 651 ആകെ 15.75 ഏക്കറിൽ 6 മാതൃകാ കൃഷി തോട്ടങ്ങൾ സജ്ജീകരിച്ചിരിക്കുന്നു. നിലവിൽ ഇവയിൽ കൃഷി ചെയ്യുന്നില്ല. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിൽ മാതൃകാ കൃഷിത്തോട്ടം സജ്ജീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | വടവുകോട് ഫാർമേഴ്സ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 651 ആകെ 15.75 ഏക്കറിൽ 6 മാതൃകാ കൃഷി തോട്ടങ്ങൾ സജ്ജീകരിച്ചിരിക്കുന്നു. നിലവിൽ ഇവയിൽ കൃഷി ചെയ്യുന്നില്ല. |
| (സി) | ഈ പദ്ധതിയിൽ സഹകരണ സ്ഥാപനങ്ങൾ മുഖേന കർഷകർക്ക് നൽകിയ വായ്പയുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ പദ്ധതിയിൽ സഹകരണ സ്ഥാപനങ്ങൾ മുഖേന 14 ജില്ലകളിലുമായി 59921 വായ്പകളിലായി 55472.421 ലക്ഷം രൂപയുടെ വായ്പ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ